DEEPENING OF PORAMBOKE CANALS—AZHIKODE

148 ഖാൻസാഹിബ്ബ് ഇസ്മായിൽഹാജി ഈസാസേട്ട : താഴെപറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) അഴീക്കോട്ടിലുള്ള പുറമ്പോക്കു തോടുകൾ താഴ്ത്തീട്ടു എത്ര കാലമായി;

(ബി) ഒടുവിൽ താഴ്ത്തിയ ആണ്ടും മാസവും തിയ്യതിയും പറയാമോ;

(സി) ഗതാഗതതടസ്ഥമുണ്ടെന്നു വല്ല ആക്ഷേപവും ഗവണ്മേണ്ടിനു കിട്ടീട്ടുണ്ടോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ : (എ & ബി) ബ്ഡ്ജാച്ചാൽ, അറപ്പുതോടു്, ചെറുതോടു്, പെരുംതോടു് ഈ തോടുകളാണു് പുറമ്പോക്കുതോടുകൾ. ഫ്ഫ൦൭-ൽ ബ്ഡ്ജാച്ചാൽ, അറപ്പുതോടു് ഇവകൾ താഴ്ത്തുകയും അതിനു ശേഷം എല്ലാ കൊല്ലങ്ങളിലും ടി തോടുകളുടെ സംരക്ഷണപണികൾ നടത്തിവരാറുമുണ്ടു്. ഫ്ഫ ൦ ന-ൽ ആണു് ചെറുതോടു് താഴ്ത്തിയതു്. ഈ തോടിനു സംരക്ഷണപണികൾ നടത്താറില്ല. പെരുംതോടു് താഴ്ത്തിയതു എന്നാണെന്നു് അറിവില്ല.

(സി) കിട്ടീട്ടില്ല.

ഖാൻസാഹിബ്ബ് ഇസ്മായിൽഹാജി ഈസാസേട്ട: ചെറുതോടു സംരക്ഷണപണി നടത്താറില്ലെന്നു പറഞ്ഞതിന്റെ കാരണമെന്താണു് ?

മിസ്റ്റർ വി കെ. അരവിന്ദാക്ഷമേനോൻ: നടത്താറില്ല.

ഖാൻസാഹിബ്ബ് ഇസ്മായിൽഹാജി ഈസാസേട്ട: അതിനു കാരണമെന്താണു് ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: അതൊരു ശരിയായ ഗതാഗത തോടായിട്ടല്ല വച്ചിരിക്കുന്നതു്. അതു ഡ്രെയിനേജ് ആവശ്യത്തിനു വച്ചിരിക്കുന്ന ഒരു തോടാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അതിൽക്കൂടി പോകുന്ന വഞ്ചികൾക്കു ഫീസ്സു വസൂലാക്കുന്നുണ്ടോ ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ഇല്ല.

Mr. C. V. Iyyu *(Kunnamkulam)* : May I know whether there is a general complaint among the agriculturists that most of the poramboke canals are not properly kept and silt removed from time to time ?

Mr. V. K. Aravindaksha Menon *(Chief Engineer)* : Which canals ?

Mr. C. V. Iyyu *(Kunnamkulam)* : Almost all available canals where fresh water can be stored for agricultural purposes.

Mr. V. K. Aravindaksha Menon *(Chief Engineer)* : I shall note that.

മിസ്റ്റർ കെ. എം. ഇബ്രാഹിം: ഈ പെരുന്തോടു ഫ്ഫ ൦ ന വരെക്കും താഴ്ത്തീട്ടില്ലെന്നു ബഹുമാനപ്പെട്ട മെമ്പർക്കു പറയുവാൻ സാധിക്കുമോ ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: സാധിക്കും.

മിസ്റ്റർ കെ. എം. ഇബ്രാഹിം: ഇത്ര പ്രാധാന്യമുള്ള ഒരു തോടു് ഫ്ഫ ൦ ന വരെക്കു അളകഴിഞ്ഞിട്ടും താഴ്ത്തി നന്നാക്കാത്തതു് ശരിയാണെന്നു ബഹുമാനപ്പെട്ട ഗവണ്മെണ്ടിനു തോന്നുന്നുണ്ടോ ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: പെരുന്തോടും ഒരു നാവിഗേഷൻ കനാലായിട്ടു ഗവണ്മെണ്ടു കരുതീട്ടില്ല. അതും ഒരു ഡ്രെയിനേജ് കനാലായിട്ടു ഗവണ്മെണ്ടു് വിചാരിച്ചിട്ടുള്ളു.

മിസ്റ്റർ കെ. എം. ഇബ്രാഹിം: ഒയവായി അതൊന്നു നന്നാക്കുവാൻ നോക്കാമോ ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: അതു നോക്കുന്നതാണു്.

Mr. President: I have to announce that the following nominations have been received for the election of a non-official member to the Standing Finance Committee.

1. Mrs. K. Joshua. — Proposed by Mr. C. V. Iyyu. Seconded by Mr. T. P. Poulose.
2. Mr. C. K. S. Moni — Proposed by Mr. A. T. Kunhipalu. Seconded by Mr. K. J. Thomas.

The election will be conducted at 5 p.m. this afternoon by the Secretary to Government.

LIBRARY ARCHIVES Kerala Legislative Assembly